**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4513** **10-08-2021 - ൽ മറുപടിയ്ക്ക്**

**ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അനധ്യാപക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അനധ്യാപക ജീവനക്കാരുടെ നിയമനം പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണോ നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | 06.08.2016-ലെ G.O(Ms) No. 174/16/HEDN ഉത്തരവിന്റെയും 29.05.2017-ലെ J3/359/2016/ HEDN നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ 2015 എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ 7-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം ഓപ്ഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്. 05/08/2019-ലെ GO (Ms) No.280/2019/HEDN ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച 25 അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി മുഖേനയാണ് നടത്തിയത്. |
| (ബി) | പ്രസ്തുത സർവകലാശാലയിലെ അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ,ഡയറക്ടർ എന്നീ തസ്തികകൾ സർവകലാശാല ചട്ടപ്രകാരം അധ്യാപക തസ്തികകളാണോ; ഇവയിൽ എത്ര തസ്തികൾ നിലവിലുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സർവ്വകലാശാലയിലെ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ നിയമനം സർവ്വകലാശാല യുടെ കീഴിലെ കോളേജുകളിലെ പ്രൊഫസർ /അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നി തസ്തികകളിലെ അധ്യാപകരിൽ നിന്നും സ്റ്റാറ്റ്യൂട്ട് നിഷ്കർഷി ച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തി ലാണ് നടത്തുന്നത്. അദ്ധ്യാപക തസ്തികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സർവ്വകലാശാല യിലെ പ്രൊഫസർ / അസോസിയേറ്റ് പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ നിയമനത്തിന് UGC / AICTE നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം എന്ന് ആദ്യ സ്റ്റാറ്റ്യൂട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. തസ്തികകളുടെ എണ്ണം ഡയറക്ടർ അക്കാദമിക് - 1 ഡയറക്ടർ റിസർച്ച് - 1 ജോയിന്റ് ഡയറക്ടർ - 2 അസിസ്റ്റന്റ് ഡയറക്ടർ - 2 |
| (സി) | പ്രസ്തുത സർവകലാശാലയിൽ ഒഴിഞ്ഞ് കിടക്കുന്ന എല്ലാ അനധ്യാപക തസ്തികകളിലേക്കും സ്ഥിര നിയമനം നടത്തുവാനായി ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഇല്ല. 06.08.2016-ലെ G.O(Ms) No. 174/16/HEDN ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ